**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1854 — 11.02.2020 ൽ മറുപടിക്ക്

**എൻ.പി.ആർ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | എൻ.പി.ആർ പ്രവർത്തനങ്ങൾ നിർത്തി വെയ്ക്കുവാൻ സർക്കാർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച എല്ലാ പ്രക്രിയയും സ്റ്റേ ചെയ്തു കൊണ്ട് 20/12/2019 ലെ സ.ഉ. നം (എം.എസ്) 247/2019/പൊ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എൻ.പി.ആർ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതില്ലായെന്ന് ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ നിർദ്ദേശം നിലനിൽക്കുമ്പോഴും പല ഓഫീസുകളിലും സർക്കുലർ വിതരണം ചെയ്ത് വിവാദങ്ങൾ സൃഷ്ടിക്കുന്നതായും ഗുരുതരമായ കൃത്യവിലോപം നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) & (സി) | സെൻസസ് - എൻ.പി.ആർ. നടപടികൾ സംബന്ധിച്ച് കേന്ദ്രസർക്കാർ നേരിട്ട് ജില്ലാ കളക്ടർമാർക്ക് നൽകുന്ന കത്തുകളിൽ എൻ.പി.ആർ. നടപടികളുടെ കാര്യം കൂടി പരാമർശിക്കുന്നതിനാൽ ചില ഉദ്യോഗസ്ഥർ നൽകുന്ന കത്തുകളിൽ എൻ.പി.ആർ.ന്റെ കാര്യം കൂടി തെറ്റായി പരാമർശിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽവന്നു. തുടർന്ന് ഇത്തരത്തിൽ അശ്രദ്ധാപരമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. സെൻസസ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പിന്റെ തലവൻമാർക്കും ഇത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (സി) | എങ്കിൽ അത്തരം നിയമലംഘനം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ; | | |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇതിനകം കാരണം കാണിക്കൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | രണ്ട് ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ